(സി) ദുർബലജനവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന ഈ പഞ്ചായത്തിൽ കൂടുതൽ ഭവനങ്ങൾ ഈ പദ്ധതിപ്രകാരം അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

ഉത്തരം

(എ) കരവാര പഞ്ചായത്തിൽനിന്നുള്ള അപേക്ഷകരിൽ 15 പേർക്ക് ഒന്നാം ഗഡുവായ 1500 രൂപ വീതം നൽകിയിട്ടുണ്ട്. വീട് നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി, സി) പുനരധിവാസ ഭവനനിർമ്മാണ പദ്ധതിപ്രകാരം ഈ വർഷം പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. പക്ഷേ ദുർബലവിഭാഗങ്ങൾക്കുവേണ്ടി മറ്റൊരു ബൃഹത്തായ പദ്ധതി ആവിഷ്കരിച്ച് ഈ വർഷം നടപ്പിലാക്കുന്നതാണ്. ഈ പുതിയ പദ്ധതിയിൽ കരവാരം പഞ്ചായത്തിൽ എത്ര ഭവനങ്ങൾ നിർമ്മിക്കും എന്നത് ഈ പഞ്ചായത്തിൽ നിന്നും അർഹതയുള്ള എത്ര അപേക്ഷകൾ ലഭിക്കും എന്നതിനെ ആശ്രയിച്ചിരിക്കും.

മടവൂർ പഞ്ചായത്തിൽ ദുർബലജനവിഭാഗങ്ങൾക്ക് വീടുകൾ

830 [1806] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ മടവൂർ പഞ്ചായത്തിൽ പുനർധിവാസ പദ്ധതിപ്രകാരം ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി എത്ര വീടുകൾ ഇതിനകം നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ ഇനിയും എത്രവീടുകൾകൂടി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ദുർബലവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന ഈ പഞ്ചായത്തിൽ കൂടുതൽ ഭവനങ്ങൾ ഈ പദ്ധതിപ്രകാരം അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

ഉത്തരം

(എ) മടവൂർ പഞ്ചായത്തിൽ നിന്നുള്ള 16 അപേക്ഷകർക്ക് ഒന്നാം ഗഡുവായ 1500 രൂപ വീതം നൽകിക്കഴിഞ്ഞു. വീട് നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി, സി) പുനരധിവാസ ഭവനനിർമ്മാണപദ്ധതിപ്രകാരം ഈ വർഷം പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. പക്ഷേ ദുർബലവിഭാഗങ്ങൾക്കുവേണ്ടി മറ്റൊരു ബൃഹത്തായ പദ്ധതി ആവിഷ്കരിച്ച് ഈ വർഷം നടപ്പിലാക്കുന്നതാണ്. ഈ പുതിയ പദ്ധതിയിൽ മടവൂർ പഞ്ചായത്തിൽ എത്ര ഭവനങ്ങൾ നിർമ്മിക്കും എന്നത് ഈ പഞ്ചായത്തിൽ നിന്നും അർഹതയുള്ള എത്ര അപേക്ഷകൾ ലഭിക്കും എന്നതിനെ ആശ്രയിച്ചിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly